**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1436** **14-03-2022 - ൽ മറുപടിയ്ക്ക്**

**അന്യാധീനപ്പെട്ട ആദിവാസി ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ അന്യാധീനപ്പെട്ട ആദിവാസി ഭൂമി വീണ്ടെടുക്കുന്നതിന് റവന്യൂ(ആർ) വകുപ്പിന്റെ 23.09.2011-ലെ സ.ഉ. (കൈ) 346/2011/റവ. നമ്പർ ഉത്തരവിന്മേൽ പാലക്കാട് ജില്ലാ കളക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (എ) | അട്ടപ്പാടിയിലെ കോട്ടത്തറ വില്ലേജിൽ നടത്തിയ സർവ്വെയിൽ, സുസ്ലോണിൻറെയും അനുബന്ധസ്ഥാപനങ്ങളുടേയും കൈവശമുള്ളതും ആദിവാസികളുടേത് എന്ന് കണ്ടെത്തിയതുമായ 85.21 ഏക്കർ ഭൂമി തിരിച്ചെടുത്ത് ആദിവാസി കൾക്ക് നൽകുവാൻ 23.09.2011 ലെ സ.ഉ. (കൈ) 346/2011റവ. നമ്പർ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ സുസ്ലോണും അനുബന്ധ സ്ഥാപനങ്ങളും ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C) 33927/2011 നമ്പർ റിട്ട് ഹർജിയിലെ 20.12.2011 ലെ ഉത്തരവ് പ്രകാരം മേൽ സർക്കാർ ഉത്തരവ് സ്റ്റേ ചെയ്യുകയുണ്ടായി. തുടർന്ന് ഗവൺമെന്റ് പ്ലീഡറുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 1999 ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവാകാശ സ്ഥാപനവും ആക്ട് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഒറ്റപ്പാലം സബ്കളക്ടർക്ക് പാലക്കാട് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിരുന്നു. അട്ടപ്പാടി മേഖലയിൽ സർജൻ റിയാലിറ്റീസ് എന്ന സ്ഥാപനം കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് വിവിധ വില്ലേജുകളിൽ ആദിവാസി ഭൂമിയുൾപ്പടെ 600 ഏക്കറിൽ പരം സ്ഥലം വാങ്ങിയിട്ടുള്ളതായും അട്ടപ്പാടി ട്രൈബൽ താലൂക്ക് പരിധിയിൽ അഗളി, കോട്ടത്തറ, ഷോളയൂർ, വില്ലേജുകളിൽ ആകെ 23 ആധാരങ്ങളിലായി പ്രസ്തുത കമ്പനിയ്ക്ക് 37.7795 ഹെക്ടർ സ്ഥലം കൈമാറി കിട്ടിയതായും, സർവ്വെയർമാർ ഉൾപ്പെടെ ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് ആധികാരിത ഉറപ്പ് വരുത്തേണ്ടതാണെന്നും ഒറ്റപ്പാലം സബ് കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒറ്റപ്പാലം സബ് കളക്ടർ വിവിധ തീയതികളിലായി ടി കേസുമായി ബന്ധപ്പെട്ട കക്ഷികളെ വിചാരണ നടത്തിയിരുന്നതും കമ്പനിയ്ക്കും, ടി കമ്പനി വിൻഡ് മില്ലുകൾ സ്ഥാപിച്ച് |

| | | | |
|---|---|---|---|
| | | | കൈമാറിയ പോപ്പി അമ്പ്രല്ല, അന്ന അലുമിനിയം തുടങ്ങിയ വിൻഡ് മില്ലുകളുടെ ഉടമസ്ഥർക്കും പ്രസ്തുത സ്ഥലം അന്യാധീനപ്പെട്ട പട്ടികവർഗ്ഗക്കാർക്കുള്ള തുടർ വിചാരണകൾ നടന്നു വരുന്നതുമാണ്. വിചാരണ വേളകളിൽ സർജൻ റിയാലിറ്റീസ് കമ്പനി നൂറ്റി അമ്പതിൽപ്പരം ആധാരങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും, ആയത് അവർക്ക് കൈമാറി കിട്ടിയ മുഴുവൻ സ്ഥലങ്ങളുടേയും ആധാരങ്ങൾ ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ വരുത്താൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത കമ്പനി അട്ടപ്പാടി മേഖലയിൽ നടത്തിയ മുഴുവൻ കൈമാറ്റങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഒറ്റപ്പാലം സബ് കളക്ടർ അഗളി, മണ്ണാർക്കാട് സബ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രസ്തുത കമ്പനി നടത്തിയിട്ടുള്ള ഭൂമിയിടപാടുകളിൽ നിലവിൽ വിവിധ വ്യക്തികളുടെയും, സ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമി സംബന്ധിച്ചും വിശദമായ അന്വേഷണത്തിനായി റവന്യൂ രജിസ്ട്രേഷൻ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടത് ആവശ്യമായതിനാൽ ടി വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ഫീൽഡ്തല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാതലത്തിൽ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ച് കൊണ്ട് ഈ കേസ് ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ